# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 13-06-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : T2206

# വലിയതുറ കടൽപ്പാലം നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കടലാക്രമണത്തിൽ തകർന്ന വലിയതുറ കടൽപ്പാലം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>(ബി) ജൂൺ-ജൂലൈ മാസങ്ങളിൽ കടൽക്ഷോഭം രൂക്ഷമാകുന്നത് കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും വലിയതുറ കടൽപ്പാലത്തിന് കാലപ്പഴക്കത്താൽ കേട് സംഭവിച്ചിട്ടുണ്ട്. ഇതിന്റെ നവീകരണത്തിനായി 27/03/2012-ലെ ജി.ഒ(ആർ.ടി) നമ്പർ 276/2012/മതുവ ഉത്തരവ് പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള നവീകരണ പ്രവർത്തികളും പാരപറ്റ് നിർമ്മാണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ മതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം ബാക്കിയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. നവീകരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി CUSAT - ന്റെ നേതൃത്വത്തിൽ വലിയതുറ പാലത്തിന്റെ Strength Analysis നടത്തിയിരുന്നു. വലിയതുറ പോർട്ട് കോമ്പൗണ്ടിന്റെ സംരക്ഷണ പ്രവൃത്തിക്ക് 05/03/2018-ലെ ജി.ഒ(ആർ.ടി) നമ്പർ.137/2018/മതുവ ഉത്തരവ് പ്രകാരം 170 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വലിയതുറ കടൽപ്പാലത്തിനോട് ചേർന്നുള്ളതും കടലാക്രമണത്തെ തുടർന്ന് അപകടാവസ്ഥയിലുമായ സുരക്ഷാമതിൽ നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ പാലത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് പാലത്തിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനായി 24 മണിക്കൂറും സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**